"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപ്പഞ്ചായത്തിലെ LID&EW വിഭാഗം ക്ലർക്ക് ശ്രീമതി. അഖില സി. നന്ദകുമാർ (PEN: 947714) എന്നവർക്കു പ്രത്യേക അവശതാവധി അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1031/2026/LSGD തീയതി,തിരുവനന്തപുരം, 19-05-2026

---

പരാമർശം:- 1. ശ്രീമതി. അഖില സി. നന്ദകുമാറിന്റെ, 26.02.2024-ലെ അപേക്ഷ.

2. പ്രിൻസിപ്പൽ ഡയറക്ടറുടെ, 09.10.2024, 11.12.2025 എന്നീ തീയതികളിലെ LSGD/PD/21620/2024-DEC4 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപ്പഞ്ചായത്തിലെ LID&EW വിഭാഗം ക്ലർക്ക് ശ്രീമതി. അഖില സി. നന്ദകുമാർ (PEN: 947714) എന്നവർക്ക് വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് LID&EW സെക്ഷൻ ഓഫീസിൽ വച്ച് 26/02/2024 തീയതി രാവിലെ കോണിപ്പടി ഇറങ്ങവെ കാൽ തെന്നി വീണ് ഉണ്ടായ അപകടത്തെ തുടർന്ന് കാലിന്റെ എല്ലിന് പരിക്ക് പറ്റിയിട്ടുണ്ടെന്നും ആകയാൽ പരിക്ക് ഭേദമാകുവാനായി 27/02/2024 മുതൽ 26/03/2024 വരെ 29 ദിവസത്തേക്കു ടിയാൾ എടുത്ത അവധി പ്രത്യേക അവശതാവധി അനുവദിയ്ക്കണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് പരാമർശം (1) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷയടങ്ങിയ പ്രൊപ്പോസൽ അനുകൂല ശുപാർശ സഹിതം പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിന് സമർപ്പിച്ചിരുന്നു.

പ്രസ്തുത പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപ്പഞ്ചായത്തിലെ LID&EW വിഭാഗം ക്ലർക്ക് ശ്രീമതി. അഖില സി. നന്ദകുമാർ (PEN: 947714) എന്നവർ ഔദ്യോഗിക കൃത്യനിർവഹണത്തിനിടെ 26/02/2024 തീയതി ഉണ്ടായ മേൽ അപകടത്തെ തുടർന്ന് കാലിന്റെ എല്ലിന് പറ്റിയ പരിക്ക് ഭേദമാകുവാനായി എടുത്ത അവധി കെ.എസ്.ആർ ഭാഗം I, ചട്ടം 98 പ്രകാരം, 27/02/2024 മുതൽ 26/03/2024 വരെ 29 ദിവസത്തേക്കു പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ്വ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DIPUKUMAR S L

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ശ്രീമതി. അഖില സി. നന്ദകുമാർ (PEN: 947714), ക്ലർക്ക് (ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ് (EWB2/211/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
Date: 19-05-2026 10:22:08

സെക്ഷൻ ഓഫീസർ